

വയസ്സ്

ജനന തീയതി

പേര്

വിലാസം

രക്ഷകർത്താവിന്റെ ഒപ്പ്:

*കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ*

# ബൈബിൾ ടൈം

## പാഠം 1: വളരുക

വായന ഭാഗം
ലൂക്കോസ് 2:39-52

താക്കോൽ വാക്യം
ലൂക്കോസ് 2:52

*യൂണിറ്റ്-1 ലൂക്കോസ് സുവിശേഷം*

LEVEL - 2

8 മുതൽ 10 വയസ്സുവരെ

യേശുവിന് 12 വയസ്സായപ്പോൾ തന്റെ മാതാപിതാക്കളുമായി മഹാ നഗരമായ യെരുശലേമിലേക്ക് പോയി. അവിടെ പെസഹ പെരുന്നാൾ എന്ന ഒരു ആഘോഷം ഉണ്ടായിരുന്നു. മാതാപിതാക്കളോടൊപ്പം ഭവനത്തിലേക്ക് തിരിച്ച് പോകുവാനുള്ള സമയം വന്നപ്പോൾ അപ്രകാരം ചെയ്യാതെ യേശു പട്ടണത്തിൽ തന്നെ താമസിച്ചു.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് വാചകം പൂർത്തിയാക്കുക.

പെസഹ   യെരുശലേം   പന്ത്രണ്ട്

യേശുവിന് ........... വയസ്സായപ്പോൾ.................................പെരുന്നാളിനായി ..................................... നഗരത്തിലേക്ക് പോയി.

/6



യേശു തന്റെ കൂട്ടുകാരോടൊപ്പം ഉണ്ടാകുമെന്ന് ചിന്തിച്ച് യേശുവിന്റെ മാതാപിതാക്കൾ മടക്കയാത്ര ആരംഭിച്ചു. അടുത്ത ദിവസമാണ് യേശു അവരുടെ കൂടെ ഇല്ല എന്ന് അവർ മനസ്സിലാക്കിയത്. തങ്ങളോടൊപ്പം യാത്ര ചെയ്തിരുന്ന എല്ലാവരോടും അവർ യേശുവിനെക്കുറിച്ച് തിരക്കി. യേശു എവിടെയാണെന്ന് അവർക്ക് ആർക്കും അറിയില്ലായിരുന്നു. യേശുവിനെ അന്വേഷിക്കുന്നതിനായി യോസേഫും മറിയയും യെരുശലേമിലേക്ക് പോയി. മൂന്നു ദിവസങ്ങൾക്ക് ശേഷം അവർ യേശുവിനെ ദേവാലയത്തിൽ കണ്ടെത്തി.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ ശരിയോ തെറ്റോ എന്നെഴുതുക.

1. യേശു തന്റെ സ്നേഹിതരോടൊപ്പം ഭവനത്തിലേക്ക് യാത്ര ചെയ്തു: .......................
2. രണ്ട് ദിവസങ്ങൾക്ക് ശേഷം യേശുവിനെ മാതാപിതാക്കൾ കണ്ടെത്തി: .......................
3. യേശുവിന്റെ മാതാപിതാക്കൾ അവനെ ദേവാലയത്തിൽ കണ്ടെത്തി: .......................

/6

GOSPEL FOR CHILDREN

യേശു ഉപദേഷ്ഠാക്കന്മാരുടെ നടുവിലിരുന്ന് അവരുടെ ഉപദേശം കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. അവന്റെ ജ്ഞാനത്തിലും ഉത്തരത്തിലും അവർ വിസ്മയിച്ചു.

**ചോദ്യം:** യേശുവിന്റെ മാതാപിതാക്കൾ അവനെ കണ്ടെത്തിയപ്പോൾ അവൻ എന്തുചെയ്യുകയായിരുന്നു? (ശരിയായ ഉത്തരത്തിന് വൃത്തം വരയ്ക്കുക)

1. പാട്ട് പാടുകയായിരുന്നു. 2. പ്രസംഗിക്കുകയായിരുന്നു
3. ശ്രദ്ധിക്കയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു.

/3

യേശുവിനെ കാണാതിരുന്നതിനാൽ മറിയ വളരെ വിഷമിച്ച് യേശുവിനോട് ഇങ്ങനെ ചോദിച്ചു, "മകനേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? ഞങ്ങൾ നിന്നെ തിരയുകയായിരുന്നു എന്ന് നിനക്കറിയില്ലായിരുന്നോ?" അതിനുത്തരമായി യേശു അവരോട് പറഞ്ഞത് "നിങ്ങൾ എന്നെ തിരഞ്ഞതെന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടയോ."

**ചോദ്യം:** "എന്റെ പിതാവ്" എന്ന് യേശു പറഞ്ഞത് ആരെക്കുറിച്ചാണെന്ന് കുത്തുകളുള്ള കളങ്ങൾക്ക് നിറം കൊടുത്ത് കണ്ടെത്തുക.



/3

സ്വർഗ്ഗസ്ഥനായ തന്റെ പിതാവിനെക്കുറിച്ചാണ് യേശു സംസാരിച്ചത്. എന്നാൽ യോസെഫിനും മറിയക്കും അത് മനസ്സിലായില്ല.

ഇതിന് ശേഷം യേശു യോസെഫിനോടും മറിയയോടും കൂടെ നസ്രേത്തിലുള്ള സ്വന്ത ഭവനത്തിലേക്ക് മടങ്ങിപോയി, അവർക്ക് കീഴ്പ്പെട്ട്, അനുസരിച്ച് വളർന്നു. മാത്രമല്ല സ്വർഗ്ഗത്തിലെ തന്റെ പിതാവായ ദൈവത്തോടും എല്ലായ്പ്പോഴും അനുസരണമുള്ളവനായിരുന്നു.

**യേശുവിനെപ്പോലെ....**

# നമ്മുടെ മാതാപിതാക്കളെയും ദൈവത്തെയും അനുസരിക്കണം

/2

***അക്ഷരങ്ങൾക്ക് നിറം കൊടുക്കുക***

**ആകെ**

# പാഠം 2: സ്വർഗ്ഗത്തിൽ നിന്നുള്ള ശബ്ദം



വായന ഭാഗം
ലൂക്കോസ് 3:1-8
21-23



താക്കോൽ വാക്യം
ലൂക്കോസ് 3:22

***യേശു ബന്ധുവിനെ കണ്ടുമുട്ടുന്നു.***

**ചോദ്യം:** 'യേശു' എന്ന പേരിലുള്ള ഒരക്ഷരം കൊണ്ടാരംഭിക്കുന്ന പേര് ചുവടെ നല്കിയിരിക്കുന്നവയിൽ നിന്ന് കണ്ടുപിടിച്ചാൽ യേശുവിന്റെ ബന്ധുവിന്റെ പേര് അറിയാം.
അത് എടുത്തെഴുതുക.

..............................................................................................

(പത്രോസ്, ലൂക്കോസ്, യോഹന്നാൻ)

☐ /2

യേശുവിന്റെ ബന്ധുവായ യോഹന്നാനെ കേൾക്കുവാൻ അനേകർ അവന്റെ പിന്നാലെ ചെന്നു. യോർദ്ദാൻ നദിയുടെ ചുറ്റുമുള്ള പ്രദേശങ്ങളിലുള്ളവരോട് യോഹന്നാൻ ഇങ്ങനെ പ്രസംഗിച്ചു, പാപങ്ങൾ ഏറ്റ് പറഞ്ഞ് മാനസാന്തരപ്പെടുവിൻ. തങ്ങൾ ചെയ്തുപോയ തെറ്റുകളെക്കുറിച്ച് അനുതപിച്ച് ഏറ്റുപറഞ്ഞവരെ അതിന്റെ അടയാളമായി യോഹന്നാൻ നദിയിൽ സ്നാനം കഴിപ്പിച്ചു. യേശുവിന്റെ വരവിനായി യോഹന്നാൻ ജനത്തെ ഒരുക്കുകയായിരുന്നു.

**ചോദ്യം:** കൊടുത്തിരിക്കുന്ന കളങ്ങളിൽ ചോദ്യത്തിന് ഉത്തരം എഴുതുക.

<u>വലത്തോട്ട്</u>

1. യേശുവിന്റെ ബന്ധുവിന്റെ പേര്?
2. ജനങ്ങൾ എന്താണ് ഏറ്റുപറയേണ്ടത്?
3. ആർക്ക് വേണ്ടിയാണ് യോഹന്നാൻ ജനത്തെ ഒരുക്കിയത്?
4. യോഹന്നാൻ ജനങ്ങളോട് എന്ത് ചെയ്യുവാനാണ് പറഞ്ഞത്?




<u>താഴോട്ട്</u>

1. യോഹന്നാൻ ജനങ്ങളെ ഏത് നദിയിലാണ് സ്നാനപ്പെടുത്തിയത്?

☐ /5



*ചിത്രത്തിന് നിറം കൊടുക്കുക*

ഒരിക്കൽ യോഹന്നാൻ ജനത്തെ സ്നാനപ്പെടുത്തികൊണ്ടിരുന്നപ്പോൾ യേശുവും അവിടെ എത്തി. യോഹന്നാൻ യേശുവിനെയും സ്നാനപ്പെടുത്തി. മറ്റെല്ലാവരെയും പോലെ യേശുവിന് തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കേണ്ട ആവശ്യമില്ലായിരുന്നു. കാരണം യേശുവിൽ പാപം ഇല്ലായിരുന്നു, മാത്രമല്ല ദൈവവും പുത്രനായ യേശുവിൽ പ്രസാദിക്കുന്നു എന്ന് വെളിപ്പെടുത്തി.

**ചോദ്യം:** വാചകം പൂർത്തിയാക്കുക.

യോ............................ .................................. വിനെ ............................ദ്ദാൻ നദിയിൽ സ്നാനപ്പെടുത്തി. ☐/3

യേശുവിനെ യോഹന്നാൻ സ്നാനം കഴിപ്പിച്ചപ്പോൾ സ്വർഗ്ഗം തുറന്നു, പ്രാവെന്നപോലെ പരിശുദ്ധാത്മാവ് ഇറങ്ങി വന്നു. സ്വർഗ്ഗത്തിൽ നിന്ന് അത്യുച്ചത്തിൽ ഒരു ശബ്ദമുണ്ടായി, “നീ എന്റെ പ്രിയ പുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.”

**ചോദ്യം: യേശുവിനെക്കുറിച്ച് ദൈവം പറഞ്ഞ വാക്കുകൾക്ക് നിറം കൊടുക്കുക.**

# നീ എന്റെ പ്രിയ പുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.

**(ലൂക്കോസ് 3.22)**

ഈ സമയത്ത് യേശുവിന് മുപ്പത് വയസ്സായിരുന്നു. ഇതിന് ശേഷമാണ് യേശു ജനത്തെ ഉപദേശിക്കുവാനും അത്ഭുതങ്ങൾ ചെയ്യുവാനും ആരംഭിച്ചത്.

**ആകെ** ☐

# പാഠം - 3 : "ഇല്ല" എന്ന് പറയുക



വായന ഭാഗം
ലൂക്കോസ് 4:1-13



താക്കോൽ വാക്യം
ലൂക്കോസ് 4:15



*ചിത്രത്തിന് നിറം കൊടുക്കുക*

തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ എപ്പോഴെങ്കിലും നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? അതായത് കള്ളം പറയണമെന്നോ, നിങ്ങളുടേതല്ലാത്ത എന്തെങ്കിലും കാര്യങ്ങൾ എടുക്കണമെന്നുള്ള പ്രേരണയോ. ഇങ്ങനെ തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ നമ്മിലുണ്ടാകുന്ന പ്രേരണക്കാണ് പരീക്ഷിക്കപ്പെടുക എന്ന് പറയുന്നത്. യേശു ഒരിക്കലും പാപം ചെയ്തിട്ടില്ലായിരുന്നു എങ്കിലും പരീക്ഷിക്കപ്പെടുന്നത് എപ്രകാരമാണെന്ന് യേശുവിന് അറിയാമായിരുന്നു.

സ്നാനം ഏറ്റ ഉടനെ യേശു മരുഭൂമിയിലേക്ക് പോയി. അവിടെ യേശു നാൽപ്പത് ദിവസം പിശാചിനാൽ പരീക്ഷിക്കപ്പെട്ടു.

**ചോദ്യം:** സ്നാനപ്പെട്ടതിന് ശേഷം യേശു എവിടേക്കാണ് പോയത്?

മ ..............................................

☐/4

എത്ര ദിവസം യേശു മരുഭൂമിയിൽ ചെലവഴിച്ചു?

നാ.................................. ദിവസം

മരുഭൂമിയിൽ ആയിരുന്നപ്പോൾ ഒന്നും ഭക്ഷിക്കാതിരുന്നതുകൊണ്ട് യേശുവിന് വിശന്നു. ഇത് അറിഞ്ഞ പിശാച് കല്ലിനെ അപ്പമാക്കിതീർക്കുവാൻ യേശുവിനെ പരീക്ഷിച്ചു.

**ചോദ്യം:** ചിതറിക്കിടക്കുന്ന അക്ഷരങ്ങൾ ക്രമത്തിലെഴുതുക.

ല്ല്ക ................. പ്പഅമായി ...............മാറ്റുവാൻ ................... ത്താൻസാ

☐/4

..............................................................ശുയേവിനെ പരീക്ഷിച്ചു,

രണ്ടാമതായി പിശാചിനെ ആരാധിക്കുവാനായി യേശുവിനെ പരീക്ഷിച്ചു. ലോകത്തിലെ സകല രാജ്യങ്ങളും യേശുവിന് കാണിച്ചുകൊടുത്ത ശേഷം ഇവയുടെയെല്ലാം അധികാരിയായിരിപ്പാൻ ആഗ്രഹമുണ്ടെങ്കിൽ തന്നെ നമസ്ക്കരിക്കണമെന്ന് പിശാച് പറഞ്ഞു.



മൂന്നാമതും പിശാച് യേശുവിനെ പരീക്ഷിച്ചു. യെരുശലേം ദേവാലയ ഗോപുരത്തിന് മുകളിൽ യേശുവിനെ നിർത്തി. പിശാച് യേശുവിനോട് "നീ ദൈവപുത്രനെങ്കിൽ ഇവിടെ നിന്നും താഴോട്ട് ചാടുക, ദൂതന്മാർ നിന്നെ കാത്ത് സൂക്ഷിക്കും" എന്ന് പറഞ്ഞു.

**ചോദ്യം:** വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് വാചകം പൂർത്തിയാക്കുക.

1. പിശാചിനെ നമ .................................. യേശുവിനെ പരീക്ഷിച്ചു.
2. പിശാച് യേശുവിനെ ദേ......................നിന്ന് ചാ................. പരീക്ഷിച്ചു.

☐ /3

യേശു പിശാചിനാൽ അനേക പ്രാവശ്യം പരീക്ഷിക്കപ്പെട്ടു. പിശാച് ആഗ്രഹിച്ച കാര്യങ്ങളൊന്നും തന്നെ യേശു ചെയ്തില്ല. എന്നാൽ ബൈബിളിലെ വാക്യങ്ങൾ ഉദ്ധരിച്ച് യേശു സ്വർഗ്ഗസ്ഥനായ പിതാവിനെ മാത്രമേ അനുസരിക്കൂ എന്ന് വെളിപ്പെടുത്തി.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ ശരിയോ തെറ്റോ എന്നെഴുതുക.

1. പിശാച് യേശുവിനെ പരീക്ഷിച്ചു ☐
2. പിശാച് പറഞ്ഞതൊക്കെയും യേശു ചെയ്തു ☐
3. യേശു എപ്പോഴും ദൈവത്തെ അനുസരിച്ചു ☐

☐ /6

താക്കോൽ വാക്യം പറയുന്നത് ഇപ്രകാരമാണ്; യേശു പാപമൊഴികെ മറ്റെല്ലാറ്റിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടു. തെറ്റുകൾ ചെയ്യുവാൻ നാം പരീക്ഷിക്കപ്പെടുമ്പോൾ യേശു ചെയ്തതുപോലെ തന്നെ നാം എപ്പോഴും "No" പറയണം. ചില സന്ദർഭങ്ങളിൽ ഇത് പ്രയാസകരമാണെങ്കിലും ദൈവം നമ്മെ സഹായിക്കും.

**ചോദ്യം:** എത്രപ്രാവശ്യം യേശു പാപം ചെയ്തു? തെറ്റായ ഉത്തരങ്ങൾക്ക് (x)അടയാളപ്പെടുത്തുക.

ഒരു പ്രാവശ്യം | ഒരിക്കലുമില്ല | അനേക പ്രാവശ്യം

☐ /3

**ആകെ** ☐

# പാഠം – 4: മറ്റുള്ളവരെ സഹായിക്കുക



വായന ഭാഗം
ലൂക്കോസ് 4:14-22



താക്കോൽ വാക്യം
മർക്കോസ് 10:45

യേശുവിന്റെ സ്നാനശേഷം അനേകർ യേശുവിനെക്കുറിച്ചുള്ള വാർത്ത കേട്ടു. അവൻ എല്ലാവരാലും അറിയപ്പെടാൻ തുടങ്ങി. ഗലീലയിലുള്ള സിനഗോഗിൽ (പള്ളി) ചില നാളുകൾ പഠിപ്പിച്ചതിനു ശേഷം വളർന്നുവന്ന നസ്രേത്തിലേക്ക് തിരികെ പോയി.

യെഹൂദന്മാരുടെ വിശേഷ ദിവസമായിരുന്ന ശബ്ബത്ത് ദിവസത്തിൽ യേശു സിനഗോഗിൽ (പള്ളിയിൽ) ചെന്ന് എഴുന്നേറ്റ് നിന്ന് ബൈബിളിലെ യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ നിന്നും വായിപ്പാൻ ആരംഭിച്ചു.

**ചോദ്യം:** വരകൊണ്ട് യോജിപ്പിക്കുക.

| | |
|---|---|
| 1. യേശു വളർന്നു വന്ന പട്ടണം ഏത്? | യെശയ്യാവ് |
| 2. ശബ്ബത്ത് നാളിൽ യേശു എവിടെയാണ് പോയത്? | നസ്രേത്ത് |
| 3. ബൈബിളിലെ ഏത് ഭാഗമാണ് യേശു വായിച്ചത്? | സിനഗോഗ് |

☐ /3

യേശു ഭൂമിയിൽ ആയിരിക്കുമ്പോൾ ചെയ്യുവാൻ പോകുന്ന അതിശയകരമായ കാര്യങ്ങളെ വിവരിക്കുന്ന ഭാഗമായിരുന്നു വായിച്ചത്. താൻ സുവിശേഷം പ്രസംഗിക്കും, രോഗികളെ സൗഖ്യമാക്കും, പീഢിതരെ വിടുവിക്കും എന്ന് ഈ വേദഭാഗം വിവരിക്കുന്നു.

**ചോദ്യം** : ജനങ്ങളെ സഹായിക്കുവാൻ യേശുവിന് കഴിയുന്ന ചില വാക്കുകൾ കളങ്ങളിൽ കണ്ടെത്തി വൃത്തം വരയ്ക്കുക.

| | | | | |
|---|---|---|---|---|
| എ | അ | ല | സ്വ | സ |
| ര | ന | പ | ത | രി |
| ശ | ജ | തേ | ന്ത്ര | പ്ര |
| വ | മീ | ന | രാ | സം |
| സൗ | ഖ്യ | മാ | ക്കി | ഗി |
| സു | വി | ശേ | ഷി | ച്ചു |

പ്രസംഗിച്ചു

സൗഖ്യമാക്കി

സ്വതന്ത്രരാക്കി

സുവിശേഷിച്ചു

☐ /8

അതിന് ശേഷം യേശു അതിശയകരമായ അനേക കാര്യങ്ങൾ ചെയ്യുവാൻ പുറപ്പെട്ടു. ജനത്തെ സഹായിക്കുവാൻ യേശു ചെയ്ത ഏതെങ്കിലും കാര്യത്തെപ്പറ്റി നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുന്നുണ്ടോ?

***യേശു ജനത്തെ സഹായിച്ച ഏതെങ്കിലും അവസരത്തെക്കുറിച്ചുള്ള പടം വരയ്ക്കു.*** /4

യേശു ലോകത്തിലേക്ക് വന്നത് സഹായം സ്വീകരിക്കുവാനല്ല, ജനങ്ങളെ സഹായിപ്പാനും, രക്ഷിപ്പാനുമാണ് എന്ന് താക്കോൽ വാക്യം പറയുന്നു.

മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്. (മർക്കോസ് 10:45)

**ചോദ്യം: യേശു എന്തിനാണ് ഭൂമിയിൽ വന്നത്?**

.............................. അനേകർക്കുവേണ്ടി തന്റെ ......................... മറുവിലയായി കൊടുക്കുവാനും (മറുവില എന്നാൽ നമുക്കു പകരമായി മരിക്കുക എന്നാണർത്ഥം)

/3

സിനഗോഗിൽ ദൈവവചനം വായിച്ചതിന് ശേഷം അവരെ രക്ഷിക്കുവാൻ വന്ന ദൈവപുത്രനാണ് താനെന്ന് ജനത്തോട് വിശദീകരിച്ചു. എന്നാൽ യേശു പറഞ്ഞത് അവർക്ക് മനസ്സിലാക്കുവാൻ സാധിച്ചില്ല.

**ചോദ്യം: ആരാണ് യേശു?**

/2

..............................വ പു..............................

**ആകെ**

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

**LEVEL - 2**

**8 മുതൽ 10 വയസ്സുവരെ**

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA

*For Private Circulation Only*